## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.801 — ~~09~~ 10/02/2016 മറുപടിയ്ക്ക്

### ജനനി ജന്മരക്ഷാ പദ്ധതി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ. വി. എസ്. സുനിൽ കുമാർ<br>" ഇ. കെ. വിജയൻ<br>" മുല്ലക്കര രത്നാകരൻ<br>ശ്രീമതി. ഗീതാ ഗോപി :</td><td colspan="2">ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും<br>കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ മന്ത്രി)</td></tr>
<tr><td>(എ)</td><td>ജനനി ജന്മരക്ഷ പദ്ധതി ആരംഭിച്ചത് എന്നാണ്, ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;</td><td>(എ)</td><td>2013 ജൂൺ മാസം ജനനി ജന്മരക്ഷ പദ്ധതി ആരംഭിച്ചു. കേരളത്തിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടെയും അവരുടെ കുഞ്ഞുങ്ങളുടെയും ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുകയാണ് ജനനി ജന്മരക്ഷ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതി ആരംഭിച്ചതിനു ശേഷം ഓരോ വർഷവും എത്ര തുക വീതം അനുവദിച്ചു; എത്രതുക വീതം വിതരണം ചെയ്തു;</td><td>(ബി)</td><td><table>
<tr><th>വർഷം</th><th>ആരംഭിച്ചത്</th><th>ചെലവഴിച്ചത്</th></tr>
<tr><td>2013-14</td><td>415 ലക്ഷം</td><td>415 ലക്ഷം</td></tr>
<tr><td>2014-15</td><td>150 ലക്ഷം</td><td>150 ലക്ഷം</td></tr>
<tr><td>2015-16</td><td>655 ലക്ഷം</td><td>655 ലക്ഷം</td></tr>
</table></td></tr>
<tr><td>(സി)</td><td>പദ്ധതിയുടെ നടത്തിപ്പിൽ വൻക്രമക്കേടുകൾ നടന്നതായും അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭിച്ചിട്ടില്ലെന്നും ഉള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി ഊർജ്ജിതമായി നടപ്പാക്കുന്നതിനും ആർഹതപ്പെട്ടവർക്ക് സഹായം യഥാസമയം എത്തിച്ചുകൊടുക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?</td><td>(സി)</td><td>ജനനി ജന്മരക്ഷ പദ്ധതി പ്രകാരമുള്ള ധനസഹായം തപാൽ വകുപ്പുവഴി മണിയോഡർ മുഖേനയാണ് ഗുണഭോക്താക്കൾക്ക് അയച്ചു നല്കിയിരുന്നത്. വിവിധ കാരണങ്ങളാൽ ടി തുക യഥാസമയം ലഭ്യമാകാതെ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷം മുതൽ പദ്ധതി അതാത് പ്രോജക്ട് ഓഫീസർ / ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ മുഖേന യഥാസമയം അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് നല്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.</td></tr>
</table>

(ഒപ്പ്)
സെക്ഷൻ ഓഫീസർ